തെരഞ്ഞെടുപ്പുകമ്മിഷനും പുറപ്പെടുവിച്ച അന്തിമ ഉത്തരവിനെതിരെ റിവ്യൂ ഹർജികൾ നൽകുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിക്കുകയും ചെയ്തു. അതനുസരിച്ച് 12561 വാർഡുകളുടെ പുനർനിർണ്ണയം സംബന്ധിച്ചു പുറപ്പെടുവിച്ച അവസാന ഉത്തരവിനെതിരെ ലഭിച്ചത് 1206 റിവ്യൂ ഹർജികൾ മാത്രമാണെന്നും, അതു പോലെ 1554 മുനിസിപ്പൽ വാർഡുകളുടെ അവസാന തീരുമാനം സംബന്ധിച്ചു ലഭിച്ച റിവ്യൂ ഹർജികളുടെ എണ്ണം 37 മാത്രമാണെന്നും ഈ റിവ്യൂ ഹർജികൾ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ പരിശോധിച്ചുവരികയാണെന്നും മാർച്ച് മാസത്തോടെ അന്തിമ ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുമെന്നാണ്. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രതീക്ഷിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്.

114 (694) പഞ്ചായത്തുകളുടെ വാർഡ് വിഭജനം

<u>ശ്രീ. എ. അലി ഹസ്സൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ വാർഡ് വിഭജനം സംബന്ധിച്ച് അപ്പീൽ പരിശോധിച്ച് അന്തിമതീരുമാനം ഇലക്ഷൻ കമ്മീഷൻ എന്നത്തേയ്ക്കു പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) വാർഡുകളുടെ എണ്ണം കൂടുകയും ഘടന മാറുകയും ചെയ്തതിനാൽ പുതുതായി വോട്ടർപട്ടിക തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംവരണവാർഡുകൾ നിർമ്മിക്കുന്ന രീതി എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള എല്ലാ സംവരണ വാർഡുകളും ജനറൽവാർഡുകൾ ആക്കാനും ജനറൽ വാർഡുകളിൽ ചിലത് സംവരണ വാർഡുകളാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് ലഭിച്ച റിവ്യൂ ഹർജികൾ മാർച്ച് മാസത്തിൽ തീർപ്പാക്കാവുന്നതാണെന്നും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച റിവിഷൻ ഹർജികൾ നൽകാനുള്ള സമയംമായിട്ടില്ല എന്നും കമ്മിഷൻ അറിയിച്ചിട്ടുണ്ട്.

(ബി) ഗ്രാമപഞ്ചായത്ത് വാർഡ് വിഭജനം പൂർത്തിയായാൽ മാത്രമേ വോട്ടർ പട്ടിക പുതുക്കാൻ നടപടി എടുക്കാൻ സാധിക്കുകയുള്ളൂ.

(സി)-(ഡി) പഞ്ചായത്ത് രാജ് നിയമം 10(ഇ) പ്രകാരം പട്ടികജാതികൾക്കും പട്ടികവർഗ്ഗങ്ങൾക്കും സ്ത്രീകൾക്കും സംവരണം ചെയ്യേണ്ടതായ നിയോജകമണ്ഡലങ്ങൾ ആവർത്തനക്രമമനുസരിച്ച് ഏതു നിയോജകമണ്ഡലത്തിലേക്കാണ് ഉൾപ്പെടുത്തേണ്ടതാണെന്നും സംഘടനാ തെരഞ്ഞെടുപ്പ് കമ്മിഷൻ ഇതിലേക്കായി വിജ്ഞാപനം വഴി നിശ്ചയിക്കുന്ന സമയത്തും തീയതിയ്ക്കും സ്ഥലത്തുംവച്ച് കമ്മീഷൻ ഇതിലേക്കായി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നറുക്കെടുപ്പിലൂടെ തീരുമാനിക്കേണ്ടതാണ്. ഇങ്ങനെ തീരുമാനിക്കുമ്പോൾ നിലവിലുള്ള സംവരണ വാർഡുകൾ ജനറൽ വാർഡുകളാകുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly